ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സിവിൽ എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

---

**ജീവനക്കാര്യം ( ) വിഭാഗം**

**നം. DTETVM/6043/2025-EC4 (EC)** **തിരുവനന്തപുരം, തീയതി: 17-09-2026**

---

വായന:-

1. സർക്കാർ ഉത്തരവ് നം. **GO(P) 503/2012/HEDN** തീയതി. **12/10/2012**
2. ഈ കാര്യാലയത്തിലെ **06/03/2025** ലെ **DTETVM/8432/2024-EG3 (EG)** നമ്പർ സർക്കുലർ.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം, **OA No.1148/2025**-ൽ **13.02.2026**-ന് പുറപ്പെടുവിച്ച വിധിന്യായം.
4. **29-07-2026**-ലെ **DTETVM/5793/2025-EG3** നമ്പർ യു.ഒ നോട്ട്

**ഉത്തരവ്**

ഈ വകുപ്പിലെ സിവിൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും **1:1** അനുപാതം സൂചന **1** ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ **OA No.1148/2025**- ൽ **13.02.2026**-ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ, സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് **II** തസ്തികയിൽ നികത്താതെ മാറ്റിവെച്ച ഒഴിവിൽ ഗ്രേഡ് ഇൻസ്ട്രക്ടറായ ശ്രീ. അനികുട്ടൻ എസിൻറെ അവകാശവാദം ഭിന്നശേഷി അവകാശ നിയമം, **2016**-ലെ വകുപ്പ് **34(1)**-ൻ്റെ അടിസ്ഥാനത്തിൽ പരിഗണിച്ച്, ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് .

**OA No.1148/2025**- ൽ **13.02.2026**-ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായം പാലിക്കുന്നതിനായി, **OA No.1148/2025**-ൽ **09.07.2025**-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം, സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് **II** തസ്തികയിലെ മാറ്റിവെച്ച ഒരു ഒഴിവിലേക്ക് ഗ്രേഡ് ഇൻസ്ട്രക്ടറായ ശ്രീ. അനികുട്ടൻ എസിന് വായന **(4)**പ്രകാരം തസ്തികമാറ്റ നിയമനം നൽകുവാൻ അടിയന്തിര നിർദ്ദേശം നിൽകിയിരുന്നു .

മേൽ സാഹചര്യത്തിൽ, **41300-87000/-**രൂപ ശമ്പള നിരക്കിൽ, കേരള സ്റ്റേറ്റ് **&** സബോർഡിനേറ്റ് സർവീസ് റൂൾസ്, **1958** റൂൾ **28(b) (ii)** പ്രകാരം തസ്തികമാറ്റം വഴി സിവിൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ ഇൻസ്ട്രക്ടർ ഗ്രേഡ് **II** തസ്തികയിൽ ശ്രീ. അനികുട്ടൻ എസിനെ **(PEN: 628291)**, സർക്കാർ എഞ്ചിനീയറിംഗ് കോഴിക്കോട് -ലെ തുറന്ന ഒഴിവിലേക്ക് നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

- തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥന്റെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

- അയോഗ്യനാണെന്ന് കണ്ടെത്തിയാൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.

- ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപനമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**ANI ABRAHAM**
**SENIOR JOINT DIRECTOR (PS)**

സ്വീകർത്താവ്,
1. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം (CET)
2 പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്
3 ശ്രീ. അനികുട്ടൻ എസിനെ (PEN: 628291)
4 ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
5 സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
ANI ABRAHAM
Date: 17-09-2026
13:18:44